## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 382**

**27.06.2012 ൽ മറുപടിയ്ക്ക്**

### ബേക്കൽ ടൂറിസം വികസനം

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്
,, വി.റ്റി. ബൽറാം

**ഉത്തരം**

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) ബേക്കൽ ടൂറിസം വികസനത്തിന് പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്.

1) **എയർസ്ട്രിപ്പ്** :- അടിസ്ഥാന വികസനത്തിന്റെ ഭാഗമായി പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് തത്ത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി പെരിയ വില്ലേജിലെ കനിയംകുന്ന് എന്ന സ്ഥലത്ത് 80.41 ഏക്കർ സ്ഥലം ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ സാധ്യതാപഠനം നടത്താൻ സിയാലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2) **കൾച്ചറൽ സെന്റർ** :- തനത് കലകൾക്കും പ്രാദേശിക കലാരൂപങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പള്ളിക്കര പഞ്ചായത്തിലെ പനയാൽ വില്ലേജിൽ തച്ചങ്ങാടിൽ സാംസ്ക്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചു.

3) **ബേക്കൽ ജലവിതരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ**

ബേക്കൽ മേഖലയുടെ ജല ദൗർലഭ്യത്തിനുള്ള പരിഹാരമായി ഉദുമ, പള്ളിക്കര, അജാനൂർ, ചെമ്മനാട് എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ജലവിതരണ സംവിധാനത്തിന്റെ നിർമ്മാണം ബി.ആർ.ഡി.സി

മുഖേന ടൂറിസം വകുപ്പ് പൂർത്തിയാക്കുകയും നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതി പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കുന്നതിനു വേണ്ടിയുള്ള ചില അറ്റകുറ്റപണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കും വേണ്ടി ബി.ആർ.ഡി.സി മുഖേന തയ്യാറാക്കിയ 1 കോടി രൂപയുടെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**4) ഇലക്ട്രിക്കൽ ഫീഡർ ലെയ്നിന്റെ നിർമ്മാണം**

ബേക്കൽ മേഖലയിലെ വൈദ്യുത പവർ വിതരണത്തിലെ അപാകത പരിഹരിക്കുന്നതിനായി മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ഉദുമയിലേക്ക് അധിക ഇലക്ട്രിക്കൽ ഫീഡർ ലെയ്നിന്റെ നിർമ്മാണത്തിന് 80 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതികൾ ബേക്കലിന്റെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുകയും തദ്വാര ടൂറിസ്റ്റുകൾക്കും ട്രാവൽ ട്രേഡിനും ടൂറിസം വ്യവസായത്തിന് പൊതുവെയും ഗുണകരമാകുകയും ബേക്കലിന്റെ ടൂറിസം പ്രാധാന്യം വർദ്ധിപ്പിക്കുകയും ചെയ്യും.

(സി) എത്ര കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) ബേക്കൽ ജലവിതരണ സംവിധാനത്തിന്റെ അറ്റകുറ്റപണികൾക്ക് ഒരു കോടി രൂപയുടെ പദ്ധതിയാണ് ബി.ആർ.ഡി.സി വഴി തയ്യാറാക്കിയിട്ടുള്ളത്. അധിക ഇലക്ട്രിക്കൽ ഫീഡർ ലെയ്നിന്റെ നിർമ്മാണച്ചെലവ് 80 ലക്ഷം രൂപയാണ്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം

(ഡി) എയർസ്ട്രിപ്പ് പദ്ധതിക്ക് പെരിയയിൽ ഒരു പ്രൊജക്ട് ഓഫീസ് പ്രവർത്തനം

നടപടികളാണ് സ്വീകരിച്ചി ട്ടുള്ളത് ?

ആരംഭിച്ചിട്ടുണ്ട്. സർക്കാർ സ്ഥലം കൈമാറ്റത്തിനും സ്വകാര്യ സ്ഥലം ഏറ്റെടുക്കുന്നതിനും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി ഇന്റർ നാഷണൽ എയർപോർട്ട് അതോറിറ്റിയുടെ വിദഗ്ദ്ധ സംഘം സ്ഥലം സന്ദർശിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സാധ്യതാ പഠനം നടത്താൻ സിയാലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൾച്ചറൽ സെന്ററിന്റെ ശിലാസ്ഥാപന കർമ്മം നടത്തിയിട്ടുണ്ട്. ബേക്കൽ ജലവിതരണ സംവിധാനത്തിന്റെ അറ്റകുറ്റപണികൾക്കായി ഉള്ള പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. അധിക ഇലക്ട്രിക്കൽ ഫീഡർ ലെയ്നിന്റെ നിർമ്മാണത്തിനായി 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തി ആരംഭിക്കുന്നതിനായി പ്രസ്തുത തുക ബി..ആർ.ഡി.സി.. ക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ